# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2641 14.12.2015 - ൽ മറുപടിക്ക്

## പൈപ്പ് പോളിസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൈപ്പ് പോളിസി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി വിഭാവനം ചെയ്യുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മുൻകാലങ്ങളിൽ വൻകിട ശുദ്ധജലവിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പുപൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയിൽ തിരഞ്ഞെടുക്കുന്നതിൽ ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളെയും ദോഷങ്ങളെയും പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തിരഞ്ഞെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് പോളിസി തയ്യാറാക്കിയിരിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധന അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രകാരമാണ് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതി തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ